**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കൽ - വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 130/10/തസ്വഭവ. തിരുവനന്തപുരം, തീയതി 13-01-2010

---

പരാമർശം:- സ.ഉ.(എം.എസ്) നം.140/09/തസ്വഭവ തീയതി 22/07/2009

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തു നികുതി പരിഷ്കരിക്കുന്നതിനായുള്ള എല്ലാ നടപടിക്രമങ്ങളും ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ നിറുത്തിവച്ചുകൊണ്ടും പഴയനിരക്കിൽ നികുതി ഈടാക്കാൻ അനുമതി നൽകിക്കൊണ്ടും പരാമർശപ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ വസ്തു നികുതിപരിഷ്കരണവുമായി ബന്ധപ്പെട്ട് ചിലനികുതിദായകരിൽ ഉണ്ടായ ആശയ കുഴപ്പം മൂലം നഗരസഭകളിലും പഞ്ചായത്തുകളിലും നിശ്ചിതസമയത്തിനുള്ളിൽ നികുതി ഒടുക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഗണിച്ച് വസ്തു നികുതികുടിശ്ശികവരുത്തിയവർക്ക് പിഴപലിശ ഒഴിവാക്കിനികുതി അടയ്ക്കാൻ സൗകര്യം നൽകണമെന്നുള്ള ആവശ്യം ഉയർന്നിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് 2010 മാർച്ച് 31-നകം വസ്തു നികുതി കുടിശ്ശിക തീർത്ത് അടയ്ക്കുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ പ്രകാരം പിഴപലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ. നാസറുദീൻ

ഡെപ്യൂട്ടി സെക്രട്ടറി

മിഷൻ ഡയറക്ടർ. IKM (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാകോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്/സെക്രട്ടറിയുടെ പി.എസ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ